**മധുരമായ കുട്ടികളേ, ബാബയിൽ നിന്ന് സർവ്വ സംബന്ധങ്ങളുടേയും സുഖമെടുക്കണമെങ്കിൽ മറ്റെല്ലാവരിൽ നിന്നും ബുദ്ധിയോഗം അകറ്റി ഒരു ബാബയെ മാത്രം ഓർമ്മിക്കൂ, ഇതു തന്നെയാണ് ലക്ഷ്യം.**

**ചോദ്യം:** നിങ്ങൾ കുട്ടികൾ ഈ സമയം ഏതൊരു നല്ല കാര്യം ചെയ്യുന്നതിന്റെ ഫലമായാണ് സമ്പന്നരായി മാറുന്നത്?

**ഉത്തരം:** ഏററവും ശ്രേഷ്ഠമായ കർമ്മമാണ് ജ്ഞാന രത്നങ്ങളുടെ ദാനം ചെയ്യുകയെന്നത്. ഈ അവിനാശി ജ്ഞാന രത്നങ്ങളുടെ ഖജനാവ് തന്നെയാണ് ട്രാൻസ്ഫറായി 21 ജന്മത്തേയ്ക്ക് വിനാശി സമ്പത്തായി മാറുന്നത്, ഇതുകൊണ്ടു തന്നെയാണ് സമ്പന്നരായി മാറുന്നത്. ആര് എത്രയും ജ്ഞാനരത്നങ്ങൾ ധാരണ ചെയ്ത് മറ്റുള്ളവരേയും ധാരണ ചെയ്യിപ്പിക്കുന്നുവോ, അത്രയും സമ്പന്നരായി മാറുന്നു. അവിനാശി ജ്ഞാന രത്നങ്ങളുടെ ദാനം ചെയ്യൂ, ഇതു തന്നെയാണ് സർവ്വതിലും ശ്രേഷ്ഠമായ സേവനം.

**ഓം ശാന്തി.** ശിവബാബ തന്റെ സാലിഗ്രാമങ്ങളായ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു. ഇതു തന്നെയാണ് പരമാത്മാവിന്റെ കുട്ടികളെക്കുറിച്ചുള്ള അഥവാ ആത്മാക്കളെക്കുറിച്ചുള്ള ജ്ഞാനം. ആത്മാവ്, ആത്മാവിന് ജ്ഞാനം നൽകുന്നില്ല. പരമാത്മാ ശിവനിരുന്നാണ് ബ്രഹ്മാവിനും സരസ്വതിക്കും, തന്റെ ഭാഗ്യനക്ഷത്രങ്ങളായ കുട്ടികൾക്കും പറഞ്ഞുകൊടുക്കുന്നത്, അതുകൊണ്ട് ഇതിനെ പരമാത്മാ ജ്ഞാനമെന്നു പറയുന്നു. പരമാത്മാവ് ഒന്നുമാത്രമാണ്, ബാക്കിയുള്ളതെല്ലാം സൃഷ്ടിയാണ്, സൃഷ്ടികർത്താവിന്റെ രചനയാണ്. ലൗകിക പിതാവിങ്ങനെ പറയുകയില്ല ഇതെല്ലാം എന്റെ രുപമാണെന്ന്. ഇല്ല, പറയും ഇതെല്ലാം രചനയാണെന്ന്. അങ്ങിനെയാണെങ്കിൽ, ഇത് ആത്മീയ പിതാവാണ്, അദ്ദേഹത്തിനും പാർട്ട് ലഭിച്ചിരിക്കുകയാണ്. അദ്ദേഹം തന്നെയാണ് മുഖ്യ അഭിനേതാവും, ക്രിയേറ്ററും, ഡയറക്ടറും. ആത്മാവിനെ ക്രിയേറ്റർ എന്ന് പറയുകയില്ല. പരമാത്മാവിനെക്കുറിച്ചാണ് പറയുന്നത് - അങ്ങയുടെ ഗതിയും മതവും അങ്ങേക്കുമാത്രമേ അറിയൂ. ആ ഗുരുക്കന്മാർക്കെല്ലാം അവരവരുടെ വേറെ വേറെ അഭിപ്രായങ്ങളാണ്, അതുകൊണ്ട് പരമാത്മാവ് വന്ന് തന്റെ ഏകമതം നൽകുന്നു. അദ്ദേഹം അതി സ്നേഹിയാണ്. അദ്ദേഹവുമായി ബുദ്ധിയോഗം വെക്കണം, ബാക്കി ആരെല്ലാമായിട്ടാണോ നിങ്ങളുടെ സ്നേഹമുള്ളത്, അവരെല്ലാം ചതിക്കുന്നവരാണ്, അതുകൊണ്ട് അവരിൽ നിന്നെല്ലാം ബുദ്ധി അകറ്റണം. ഞാൻ നിങ്ങൾക്ക് എല്ലാ സംബന്ധങ്ങളുടേയും സുഖം നൽകാം, കേവലം എന്നെ മാത്രം ഓർമ്മിക്കൂ, ഇതാണ് ലക്ഷ്യം. ഞാൻ എല്ലാവരുടേയും പ്രിയപ്പെട്ട പിതാവാണ്, ടീച്ചറാണ്, ഗുരുവുമാണ്. നിങ്ങൾ മനസ്സിലാക്കുന്നു, അദ്ദേഹത്തിലൂടെ നിങ്ങൾക്ക് മുക്തിയും ജീവൻ മുക്തിയും ലഭിക്കുമെന്ന്. ഇതു തന്നെയാണ് അവിനാശി ഖജനാവ്, ഈ ഖജനാവാണ് ട്രാൻസ്ഫറായി 21 ജന്മത്തേയ്ക്ക് വിനാശി സമ്പത്തായി മാറുന്നതും. 21 ജന്മം നമ്മൾ വളരെ സമ്പന്നരായിരിക്കുന്നു. ഈ അവിനാശി ധനത്തിന്റെ ദാനം ചെയ്യണം. മുമ്പാണെങ്കിൽ വിനാശി ധനമാണ് ദാനം ചെയ്തിരുന്നത്, തൽഫലമായി അടുത്ത ജന്മത്തിൽ അല്പകാല ക്ഷണഭംഗുര സുഖവും ലഭിച്ചിരുന്നു. പറയുന്നു - കഴിഞ്ഞ ജന്മം എന്തെങ്കിലുമൊക്കെ ദാനധർമ്മങ്ങൾ ചെയ്തിട്ടുണ്ടായിരിക്കും, അതിന്റെ ഫലമാണ് ലഭിക്കുന്നത്. അതിന്റെ ഫലം ഒരു ജന്മത്തേയ്ക്കു മാത്രമേ ലഭിക്കൂ, ജന്മ-ജന്മാന്തര പ്രാലബ്ധമുണ്ടാകുകയില്ല. ഇപ്പോൾ നാം എന്തു ചെയ്യുന്നുവോ അതിന് നമുക്ക് ജന്മ-ജന്മാന്തര പ്രാലബ്ധം ലഭിക്കും. ഇത് അനേക ജന്മങ്ങളിലേക്കുള്ള കാര്യമാണ്. പരമാത്മാവിൽ നിന്ന് പരിധിയില്ലാത്ത സമ്പത്തെടുക്കണം. സർവ്വ ശ്രേഷ്ഠ കർമ്മമാണ് അവിനാശി ജ്ഞാനരത്നങ്ങളുടെ ദാനം. എത്രയും സ്വയത്തിൽ ധാരണ ചെയ്ത് മറ്റുള്ളവരെക്കൊണ്ട് ധാരണ ചെയ്യിപ്പിക്കുന്നുവോ, അത്രയും സ്വയം സമ്പന്നരാകും, മറ്റുള്ളവരും സമ്പന്നരാകും. ഇതാണ് സർവ്വോത്തമ സേവനം. ഇതുകൊണ്ടാണ് സദ്ഗതി ലഭിക്കുന്നത്. ദേവതകളുടെ രീതി നോക്കൂ, എത്ര സമ്പൂർണ്ണ നിർവികാരി, അഹിംസാ പരമോ ധർമ്മത്തിന്റേതാണ്. സമ്പൂർണ്ണ പവിത്രത സത്യ-ത്രേതായുഗങ്ങളിൽ മാത്രമാണുള്ളത്. ദേവതകൾ മാത്രമാണ് സ്വർഗ്ഗത്തിലുള്ളത്, അവരുടെ മഹിമയാണ് പാടപ്പെട്ടിട്ടുള്ളത്. ആരാണോ സത്യയുഗത്തിൽ സൂര്യവംശികളാകുന്നത്, അവർ മാത്രമാണ് സമ്പൂർണ്ണമായിട്ടുള്ളവർ, അതിനുശേഷം അല്പം കറപിടിക്കുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു ദേവതകൾ ഏതു സ്വർഗ്ഗത്തിലെ നിവാസികളാണെന്ന്. വൈകുണ്ഠമാണ് അത്ഭുതകരമായ ലോകം, അവിടെ വേറെ ആർക്കും പോകാൻ കഴിയുകയില്ല. ഈ സർവ്വ ധർമ്മങ്ങളേയും രചിക്കുന്നവൻ ഉയർന്നതിലും ഉയർന്ന ഭഗവാനാണ്. ഈ ദേവതാ ധർമ്മം ബ്രഹ്മാവൊന്നുമല്ല സ്ഥാപിക്കുന്നത്, ഇദ്ദേഹമാണെങ്കിൽ പറയുന്നു - ഞാൻ അപവിത്രമായിരുന്നു, എന്നിൽ എവിടെ നിന്ന് ജ്ഞാനം വന്നു. മറ്റുള്ള എല്ലാ പവിത്ര ആത്മാക്കളും മുകളിൽ നിന്നാണ് വരുന്നത് അവരവരുടെ ധർമ്മം സ്ഥാപിക്കാൻ. ഇവിടെയാണെങ്കിൽ പരമാത്മാവാണ് ധർമ്മം സ്ഥാപിക്കുന്നത്, എപ്പോളാണോ ഈ ശരീര

ത്തിൽ വരുന്നത്, അപ്പോൾ ഇദ്ദേഹത്തിന്റെ പേര് ബ്രഹ്മാവെന്ന് വെക്കുന്നു. പറയപ്പെടുന്നുമുണ്ട്, ബ്രഹ്മാ ദേവതായ നമഃ, വിഷ്ണു ദേവതായ നമഃ ... ഇപ്പോൾ പ്രശ്നമുദിക്കുന്നു, ഈ ദേവതകളിൽ നിന്നാണോ മനുഷ്യ സൃഷ്ടി രചിക്കപ്പെട്ടത്? അല്ല. പരമാത്മാവ് പറയുന്നു - ഞാൻ ഏതു സാധാരണ ശരീരത്തിലാണോ വരുന്നത്, അദ്ദേഹത്തിനാണ് ബ്രഹ്മാവെന്ന പേര് വെക്കുന്നത്. അത് സൂക്ഷ്മ ബ്രഹ്മാവാണ്, എങ്കിൽ രണ്ടു ബ്രഹ്മാവായി. ഇദ്ദേഹത്തിന്റെ പേര് ബ്രഹ്മാവെന്ന് വെക്കപ്പെട്ടിരിക്കുകയാണ്, എന്തുകൊണ്ടെന്നാൽ ഞാൻ സാധാരണ ശരീരത്തിലാണ് വരുന്നത്. ബ്രഹ്മാവിന്റെ മുഖ കമലത്തിലൂടെയാണ് ബ്രാഹ്മണ ധർമ്മം രചിക്കുന്നത്. ആദി ദേവനിൽ നിന്നാണ് മനുഷ്യ സൃഷ്ടി രചിക്കുന്നത്, ഇദ്ദേഹമാണ് മനുഷ്യ സൃഷ്ടിയിലെ ആദ്യത്തെ അച്ഛൻ. പിന്നീടാണ് വൃദ്ധി പ്രാപിക്കുന്നത്. ബാബ നിങ്ങൾ കുട്ടികളെ ഇപ്പോൾ രാജാക്കന്മാരുടേയും രാജാവാക്കി മാറ്റുന്നു. എന്നാൽ അപ്പോൾ മാത്രമേ ആകൂ, എപ്പോളാണോ ദേഹസഹിതം ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളിൽ നിന്നും ബുദ്ധിയോഗം ഇല്ലാതാക്കുന്നത്. ബാബാ, ഞാൻ അങ്ങയുടെ മാത്രമാണ്, അത്രമാത്രം. ഇത് നിശ്ചയമാണ്, നമ്മൾ തന്നെയാണ് രാജകമാരന്മാരാകുന്നത്. ചതുർഭുജത്തിന്റെ സാക്ഷാൽക്കാരവും ഉണ്ടാകാറുണ്ടല്ലോ. അത് ജോഡി രുപമാണ്. ചിത്രങ്ങളിൽ ബ്രഹ്മാവിന് പത്തും ഇരുപതും കൈകൾ കാണിക്കുന്നു. കാളിക്ക് എത്ര കൈകളാണ് കൊടുത്തിരിക്കുന്നത്! ഇത്രയും കൈകളുള്ള ഒരു വ്യക്തിയും ഉണ്ടാകില്ല. ഇതെല്ലാം അസ്ത്ര ശസ്ത്രങ്ങളാണ്. നമ്മുടേതാണെങ്കിൽ പ്രവൃത്തിമാർഗ്ഗമാണ്. ബാക്കി, ഇത്രയും കൈകൾ ബ്രഹ്മാവിന് കാണിച്ചിരിക്കുന്നതെന്തെന്നാൽ ഈ കാണുന്ന കുട്ടികളെല്ലാം ബ്രഹ്മാവിന്റെ കൈകളാണ്. വേറെ ഈ കാളിയും മറ്റൊന്നുമില്ല. ഏതുപോലെ കൃഷ്ണനെ കറുത്തതായി കാണിക്കുന്നു അതേപോലെ കാളിയുടെ ചിത്രത്തിൽ കാളിയേയും കറുത്തതായി കാണിക്കുന്നു. ഈ ജഗദംബയും ബ്രാഹ്മണിയാണ്. ഞാൻ എന്നെ ഭഗവാനെന്നോ അവതാരമെന്നോ പറയുന്നില്ല. ബാബ ഇത്രയും മാത്രമേ പറയുന്നുള്ളൂ - കേവലം എന്നെ മാത്രം ഓർമ്മിക്കൂ. വാസ്തവത്തിൽ എല്ലാവരും ശിവകുമാരന്മാരാണ്, സാലിഗ്രാമങ്ങളാണ്. പിന്നീട് മനുഷ്യ ശരീരത്തിൽ വരുമ്പോൾ ബ്രഹ്മാകുമാർ ബ്രഹ്മാകുമാരിയെന്ന് പറയപ്പെടുന്നു. ബ്രഹ്മാകുമാര-കുമാരികൾ പോയി പിന്നീട് വിഷ്ണു കുമാർ കുമാരികളായി മാറും. ബാബ സൃഷ്ടിക്കുന്നു, പിന്നീട് പാലനയും അദ്ദേഹത്തിനു തന്നെ ചെയ്യേണ്ടി വരുന്നു. അങ്ങിനെയുള്ള അതി സ്നേഹിയായ അച്ഛന്റെ അധികാരി കുട്ടികളാണ് നിങ്ങൾ. അദ്ദേഹവുമായാണ് നിങ്ങൾ വ്യാപാരം ചെയ്യുന്നത്, ഇദ്ദേഹം ഇടയിലുള്ള ബ്രോക്കറാണ്. ബാബയുടേത് പവിത്രമായ ഗവണ്മേണ്ടാണ്, അദ്ദേഹം വന്നിരിക്കുന്നത് ഈ ഗവണ്മേണ്ടിനേയും പാണ്ഡവ ഗവണ്മേണ്ടാക്കി മാറ്റാനാണ്. ഇതാണ് നമ്മുടെ ഉയർന്ന സേവനം. ഗവണ്മേണ്ടിന്റെ പ്രജകളെ നാം മനുഷ്യരിൽ നിന്ന് ദേവതകളാക്കി മാറ്റുന്നു, ബാബയുടെ സഹായത്തോടെ. അപ്പോൾ നാം അവരുടെ സേവകരല്ലേ. നാം വിശ്വസേവകരാണ്. നാം ബാബയോടൊപ്പം വന്നിരിക്കുകയാണ് മുഴുവൻ ലോകത്തിന്റെയും സേവനം ചെയ്യുന്നതിന്. നാം ഒരു പ്രതിഫലവും വാങ്ങിക്കുന്നില്ല. വിനാശി ധനവും കെട്ടിടങ്ങളുമെല്ലാം കൊണ്ട് നാം എന്തു ചെയ്യാനാണ് - നമുക്ക് കേവലം 3 അടി മണ്ണേ വേണ്ടൂ. നിങ്ങൾ കുട്ടികൾക്കിപ്പോൾ സത്യം സത്യമായ ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുകയാണ്. ശാസ്ത്രങ്ങളിലെ ജ്ഞാനത്തെ ജ്ഞാനമെന്നു പറയുകയില്ല, അത് ഭക്തിയാണ് - ജ്ഞാനം അർത്ഥം സദ്ഗതി. സദ്ഗതി അർത്ഥം മുക്തി-ജീവൻമുക്തി. ജീവൻമുക്തി ആകാത്തതുവരേയും മുക്തമാകുകയില്ല. നാം ജീവൻ മുക്തമാകുന്നു. ബാക്കിയുള്ള മനുഷ്യരെല്ലാം മുക്തമാകുന്നു. അതുകൊണ്ടാണ് പറയുന്നത് അങ്ങയുടെ ഗതിയും മതവും അങ്ങേക്കുമാത്രമേ അറിയൂ. പിന്നെ ഇതിലും പരമാത്മാവ് സർവ്വവ്യാപിയാണെന്ന കാര്യം വരുന്നില്ല. ഇവിടെയാണെങ്കിൽ പറയുന്നു - കല്പ-കല്പം എന്റെ മതം കൊണ്ട് സർവ്വരുടേയും സദ്ഗതി ചെയ്യുന്നു എന്നാണ്. സദ്ഗതിയോടൊപ്പം ഗതിയും വരുന്നു. പുതിയ ലോകത്തിലുണ്ടാകുന്നത് കുറച്ചുപേർ മാത്രമാണ്. മുമ്പെ നമ്മൾ പറഞ്ഞിരുന്നു - കുടത്തിൽ തന്നെ സൂര്യൻ, കുടത്തിൽ തന്നെ ചന്ദ്രൻ, കുടത്തിൽ തന്നെ 9 ലക്ഷം നക്ഷത്രങ്ങൾ ..... കുടത്തിൽ സൂര്യൻ ഈ സമയത്താണ്. കുടത്തിൽ ശിവനുണ്ട്, അതിന്റെ തന്നെയാണ് ഇത്രയും വിസ്താരം. പിന്നെ കുടത്തിൽ മമ്മയും ബാബയുമുണ്ട്, ഭാഗ്യനക്ഷത്രങ്ങളുമുണ്ട്. വിവേകവും പറയുന്നു സത്യയുഗത്തിൽ തീർച്ചയായും കുറച്ചുപേർ മാത്രമേ ഉണ്ടാകുകയുള്ളൂ. പിന്നീടാണ് വർദ്ധിക്കുന്നത്. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ആര് എത്ര പവിത്രമാകുന്നുവോ അത്രയും ധാരണയുണ്ടാകും. അപവിത്രമാണെങ്കിൽ ധാരണ കുറവായിരിക്കും. പവിത്രതയാണ് മുഖ്യം. ക്രോധത്തിന്റെ ഭൂതമിരിക്കുകയാണെങ്കിൽ തോൽവി ഏറ്റുവാങ്ങും. ഇത് യുദ്ധമാണല്ലോ. ഉസ്താദിന് പൂർണ്ണ സഹകരണം നൽകണം. അല്ലെങ്കിൽ മായ വളരെ ശക്തിശാലിയാണ്. ആരാണോ ബാബയുടെ ശ്രീമതപ്രകാരം നടക്കുന്നത് അവർക്കാണ് ഭാഗ്യം. ബാബ സാക്ഷിയായി കാണുകയും പാർട്ട് അഭിനയിക്കുകയും ചെയ്യുന്നു. ഇത് മനസ്സിലാക്കാൻ കഴിഞ്ഞു, മമ്മാ-ബാബയേയും അനന്യ കുട്ടികളേയും അനുകരിക്കണം. ഇതും മനസ്സിലാക്കി തന്നിട്ടുണ്ട് മുരളി പഠിക്കുന്നത് ഒരിക്കലും ഉപേക്ഷിക്കരുത്. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും

പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## രാത്രി ക്ലാസ്സ് – 23.12.1958.

നോക്കൂ, സർവ്വശക്തിവാനായ ബാബയുടെ എത്ര ആത്മീയ ഫാക്ടറി (സെന്റർ) കളാണുള്ളത്. ഇവിടെ നിന്ന് ഓരോരുത്തർക്കും ആത്മീയ രത്നങ്ങളാണ് ലഭിക്കുന്നത്. ബാബയാണ് ഫാക്ടറിയുടമ. മാനേജർമാർ കാര്യങ്ങളെല്ലാം നോക്കി നടത്തിക്കൊണ്ടിരിക്കുന്നു, കടകളെല്ലാം നടന്നു കൊണ്ടിരിക്കുന്നു. കടയെന്ന് പറഞ്ഞാലും ഹോസ്പിറ്റലെന്ന് പറഞ്ഞാലും . . . ഇത് നിങ്ങൾ ബ്രാഹ്മണരുടെ കുടുംബവുമാണ്. ഇവിടത്തെ പഠനം കൊണ്ട് നിങ്ങൾക്ക് നിങ്ങളുടെ ജീവിതമുണ്ടാക്കണം. ഇവിടെ ആത്മീയവും ശാരീരികവും ഒന്നിച്ചാണ്. രണ്ടും പരിധിയില്ലാത്തതാണ്. അവിടെയാണെങ്കിൽ രണ്ടും പരിധിയുള്ളതാണ്. ഗുരുക്കന്മാർ ശാസ്ത്ര–പുരാണങ്ങളുടെ ആത്മീയ ശിക്ഷണം നൽകുന്നു, അതെല്ലാം പരിധിയുള്ളതാണ്. നാം ഒരു മനുഷ്യനേയും ഗുരുവായി അംഗീകരിക്കുകയില്ല. നമ്മുടേത് സദ്ഗുരുവാണ്, അദ്ദേഹം ഒരേയൊരു രഥത്തിൽ മാത്രമാണ് വരുന്നത്. ഇടക്കിടെ അദ്ദേഹത്തെ ഓർമ്മിക്കുമ്പോൾ വികർമ്മ വിനാശം നടക്കും. നിങ്ങൾക്ക് ധനം ആ ഗ്രാന്റ് ഫാദറിൽ നിന്നാണ് ലഭിക്കുന്നത്, അതുകൊണ്ട് അദ്ദേഹത്തെ ഓർമ്മിക്കേണ്ടതുണ്ട്. വികർമ്മമായി ഭവിക്കത്തക്ക രീതിയിലുള്ള ഒരു കർമ്മവുമുണ്ടാകരുത്. സത്യയുഗത്തിൽ കർമ്മം അകർമ്മമാകുന്നു, ഇവിടെ കർമ്മം വികർമ്മമാണ് കാരണം 5 ഭൂതങ്ങളുണ്ട്. നാം തികച്ചും സുരക്ഷിതരാണ്. ബാബ പറയുന്നു വികാരങ്ങളെ എനിക്ക് ദാനമായി നൽകൂ, പിന്നീട് അതിനെ തിരിച്ചെടുക്കുകയാണെങ്കിൽ നഷ്ടമുണ്ടാകും. ഇങ്ങിനെ ഒരിക്കലും കരുതേണ്ട ആരും കാണാതെ ചെയ്താൽ എങ്ങിനെ അറിയാനാണ്. ഈ സമയത്തു തന്നെയാണ് ബാബയെ അന്തര്യാമി (ഉള്ളറിയുന്നവൻ) യെന്ന് പറയപ്പെടുന്നത്, ഓരോ കുട്ടിയുടേയും രജിസ്റ്റർ കാണാൻ കഴിയും. നിങ്ങൾ കുട്ടികളുടെ ഉള്ളം അറിയുന്നവനാണ്, അതുകൊണ്ട് ഒന്നും തന്നെ ഒളിപ്പിക്കരുത്. ഇടക്ക് ഇങ്ങിനെയും കത്തെഴുതാറുണ്ട് ബാബാ, എനിക്ക് തെറ്റ് സംഭവിച്ചു, മാപ്പു തരൂ. ധർമ്മരാജന്റെ കോടതിയിൽ ശിക്ഷ നൽകരുത്. ശിവബാബക്ക് നേരിട്ടെഴുതുന്നതുപോലെ. ബാബയുടെ പേരിൽ ഈ പോസ്റ്റ് ബോക്സിൽ കത്തിടുന്നു. തെറ്റ് തുറന്നു പറഞ്ഞാൽ പകുതി ശിക്ഷ കുറയും. ഇവിടെ ഏറ്റവും വേണ്ടത് പവിത്രതയാണ്. സർവ്വഗുണ സമ്പന്നരും, 16 കലാ സമ്പൂർണ്ണരും ഇവിടെ തന്നെയാകണം. റിഹേഴ്സൽ ഇവിടെയാണ് നടക്കുന്നത്, പിന്നീട് അവിടെ പ്രാക്ടിക്കൽ അഭിനയിക്കണം. സ്വയത്തെ നിരീക്ഷിക്കണം – യാതൊരു തെറ്റുകളും വരുന്നില്ലല്ലോ? സങ്കല്പങ്ങൾ വളരെ വരും, മായ വളരെ പരീക്ഷകളിടും, പേടിക്കരുത്. വളരെ നഷ്ടമുണ്ടായേക്കാം, ബിസിനസ്സ് നടക്കാതിരുന്നേക്കാം, കാലൊടിഞ്ഞേക്കാം, അസുഖം പിടിച്ചേക്കാം . . . . എന്തുതന്നെ സംഭവിച്ചാലും ബാബയുടെ കൈ വിടരുത്. അനേക പ്രകാരത്തിലുള്ള പരീക്ഷകൾ വന്നേക്കാം. ആദ്യമാദ്യം ബാബയുടെ മുന്നിലാണ് വരുന്നത്, അതുകൊണ്ടാണ് ബാബ പറഞ്ഞുതരുന്നത്, വളരെയധികം ശ്രദ്ധിക്കണം. ശക്തിശാലിയാകണം. നോക്കൂ, ഭാരതത്തിൽ എത്ര ഒഴിവു ദിവസങ്ങളാണ് ലഭിക്കുന്നത്, വേറെ എവിടെയും ഇത്രയും ലഭിക്കുകയില്ല. എന്നാൽ ഇവിടെ നമുക്ക് ഒരു സെക്കന്റിന്റെ ഒഴിവുപോലുമില്ല, എന്തുകൊണ്ടെന്നാൽ ബാബ പറയുന്നു ഓരോ ശ്വാസത്തിലും എന്നെ ഓർമ്മിക്കൂ. ഓരോരോ ശ്വാസവും വില പിടിച്ചതാണ്. അപ്പോൾ എങ്ങിനെ വ്യർത്ഥമാക്കാൻ കഴിയും. ആരാണോ വ്യർത്ഥമാക്കിക്കളയുന്നത് അവർ പദവി ഭ്രഷ്ടമാക്കുകയാണ്. ഈ ജന്മത്തിലെ ഓരോ ശ്വാസവും വളരെ വിലപിടിച്ചതാണ്. രാവും പകലും ബാബയുടെ സേവനത്തിൽ മുഴുകിയിരിക്കണം. നിങ്ങൾ ആൾമൈറ്റി ബാബയിൽ മോഹിതരായിരിക്കുകയാണോ അതോ അദ്ദേഹത്തിന്റെ രഥത്തിലാണോ മോഹിതരായിരിക്കുന്നത്? അതോ രണ്ടിലും? തീർച്ചയായും രണ്ടിലും മോഹിതരായിരിക്കേണ്ടതുണ്ട്. ബുദ്ധിയിലുണ്ടായിരിക്കും ബാബ ഈ രഥത്തിലുണ്ട്. അതുകാരണമാണ് നിങ്ങൾ ഈ രഥത്തിൽ ആകർഷിക്കപ്പെട്ടിരിക്കുന്നത്. ശിവ ക്ഷേത്രത്തിലും കാളയെ വെച്ചിട്ടുണ്ട്. അതിനേയും പൂജിക്കപ്പെടുന്നു. എത്ര ഗുഹ്യമായ കാര്യങ്ങളാണ്, ആരാണോ ദിവസേന കേൾക്കാത്തത് അവർ ഏതെങ്കിലും പോയിന്റുകൾ നഷ്ടപ്പെടുത്തുന്നു. ദിവസേന കേൾക്കുന്നവർ ഒരിക്കലും ഒരു പോയിന്റിലും തോറ്റുപോകില്ല. നല്ല സ്വഭാവവുമായിരിക്കും. ബാബയെ ഓർമ്മിക്കുന്നതിൽ വളരെ പ്രോഫിറ്റുണ്ട് (ലാഭം). അതിനുശേഷമാണ് ബാബയുടെ ജ്ഞാനത്തെ ഓർമ്മിക്കുന്നതിൽ ലാഭം. യോഗത്തിലും പ്രോഫിറ്റ്, ജ്ഞാനത്തിലും പ്രോഫിറ്റ്. ബാബയെ ഓർമ്മിക്കുന്നതിലാണ് ഏറ്റവുമധികം പ്രോഫിറ്റ് എന്തുകൊണ്ടെന്നാൽ വികർമ്മ വിനാശം നടക്കുന്നു മാത്രമല്ല, ഉയർന്ന പദവിയും ലഭിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യമായ സാരം -**

1. ഓരോ ശ്വാസത്തിലും ബാബയെ ഓർമ്മിക്കണം, ഒരു ശ്വാസവും വ്യർത്ഥമായിപ്പോകരുത്. വികർമ്മ മായി മാറുന്ന രീതിയിലുള്ള ഒരു കർമ്മവും ചെയ്യരുത്.

2. ഉസ്താദിന്റെ കൈകളിൽ കൈകൊടുത്ത് സമ്പൂർണ്ണ പാവനമായി മാറണം. ക്രോധത്തിനു വശത്തായി ഒരിക്കലും മായയോട് തോറ്റുപോകരുത്. ഗുസ്തിക്കാരനായി മാറണം.

## വരദാനം:- ശക്തിശാലി സ്ഥിതിയുടെ ആസനത്തിൽ ഇരുന്ന് വ്യർത്ഥത്തെയും സമർത്ഥത്തെയും നിർണ്ണയം ചെയ്യുന്ന സ്മൃതിസ്വരൂപരായി ഭവിക്കട്ടെ.

ഈ ജ്ഞാനത്തിന്റെ സാരം സ്മൃതിസ്വരൂപരാകുക എന്നതാണ്. ഓരോ കാര്യവും ചെയ്യുന്നതിന് മുമ്പ് ഈ വരദാനത്തിലൂടെ സമർത്ഥസ്ഥിതിയുടെ ആസനത്തിലിരുന്ന് നിർണ്ണയം ചെയ്യൂ, അതായത് ഇത് വ്യർത്ഥമാണ് അല്ലെങ്കിൽ സമർത്ഥമാണ്, പിന്നീട് കർമ്മത്തിലേക്ക് വരൂ, കർമ്മം ചെയ്തതിന് ശേഷം പിന്നെ പരിശോധിക്കൂ അതായത് കർമ്മത്തിന്റെ ആദി-മധ്യ-അന്ത്യം മൂന്ന് കാലങ്ങളും സമർത്ഥമായിരുന്നുവോ? ഈ സമർത്ഥ സ്ഥിതിയുടെ ആസനം തന്നെയാണ് ഹംസാസനം, ഇതിന്റെ വിശേഷത തന്നെ നിർണ്ണയ ശക്തിയാണ്. നിർണ്ണയ ശക്തിയിലൂടെ സദാ തന്നെ മര്യാദാ പുരുഷോത്തമ സ്ഥിതിയിൽ മുന്നേറിക്കൊണ്ടിരിക്കും.

## സ്ലോഗൻ:- അനേക വിധത്തിലുള്ള മാനസിക രോഗങ്ങളെ അകറ്റുവാനുള്ള മാർഗ്ഗമാണ്-സൈലൻസിന്റെ ശക്തി.